2591
K 138

# ദൈവ ലോകം

K138

2591

# ദൈവ ലോകം

ഗ്രന്ഥകർത്താവ്

ബ്രഹ്മസുതൻ

പ്രസാധകൻ

ദൈവസേൻ

ദൈവയോഗ സംഘം

ബാലരാമപുരം

1122 : 1946

സംഘമുദ്ര സഹിതം

2591



2591
R 138

# ദൈവലോകം.

സാക്ഷാൽ ആദർശലോകത്തിലെ സമഗ്രാനുഭൂതിയാണു് 'ദൈവലോക'ത്തിൽ പ്രതിഫലിക്കുന്നതു്. വിശ്വാഭ്യുദയത്തിന്റെ പരമകാഷ്ഠയിൽ പരിവർത്തിക്കുന്ന സനാതന സമ്പ്രദായത്തിന്റെ സർവ്വാംഗ സംഘടന സൂക്ഷ്മപൂർവം ഗ്രഹിക്കുവാൻ സാധിക്കുന്നതു് ലോകോദ്ധാരകർക്കു് കൃതാർത്ഥതാജനകമായിരിക്കും. ഉഗ്രതമമായ ഈ സാക്ഷാൽക്കാര തപസ്സിൽ തൽപ്രശ്നങ്ങൾ ഓരോന്നായി പരിഹാരം പ്രാപിച്ചു. അവയിൽ പ്രധാനമായവയെ യഥാക്രമം സംക്ഷിപ്തമായി സൂചിപ്പിക്കാം.

പ്രഥമ വീക്ഷണമാത്രത്തിൽ അതിസ്ഫുടമായ ഒരു പ്രത്യേകത ആ മഹാതലത്തിൽ പ്രത്യക്ഷമാകുന്നതാണു്. പ്രകൃത്യാ ബാഹ്യമായിത്തന്നെയുള്ള ഐകരൂപ്യത ബഹുനിഷ്ഠയായ് ആ ജനത സംരക്ഷിക്കുന്നു. സകലരും ഒരേ ആകൃതിയും ഒരേ വേഷവുമുള്ളവരായി കാണപ്പെടും. അതിന്നു് ഹേതുഭൂതമായിട്ടുള്ളതു് വിസ്മയാവഹമായ രണ്ടു വസ്തുതകളാണു്.

ഒന്നാമതായി 'ക്ഷുരകവൃത്തി' എന്നൊരു സംഗതിയേ ആ മണ്ഡലത്തെ സ്പർശിച്ചിട്ടില്ല. തൻമൂലം ശരീരത്തിനും മനസ്സിനുമുള്ള പ്രൌഢപൂർണ്ണത എത്രയും ആശ്ചര്യകരമായിരിക്കുന്നു. മിഥ്യാലാവണ്യ പ്രാഭവത്താലുള്ള അമിതാസക്തിയും തദ്ദോഷഫലങ്ങളും കൂടാതെ ആ ചൈതന്യധാമങ്ങൾ പ്രശാന്തരും പൌരുഷയുക്തരുമായ് സാനന്ദം വിഹരിക്കുന്നു. മനുഷ്യരൂപം സ്വ സൌന്ദര്യ തേജോവികാസത്തിൽ നടനം ചെയ്യുന്നു. രോമാവരണകൃതമായ വൈരൂപ്യതകളാൽ ഹൈന്ദവൻ, ബൌദ്ധൻ, മുഹമ്മദൻ, പഞ്ചാബി, ബംഗാളി, പാണ്ഡ്യൻ, കേരളൻ, സിംഹളൻ, പാശ്ചാത്യൻ, ചീനൻ എന്നിങ്ങനെ വർഗ്ഗീയമോ, ദേശീയമോ ആയ വൈപരീത്യബോധമേ പരസ്പരം ദർശിക്കുവാൻ സാധിക്കുകയില്ല. സർവഥാ അസമത്വ ദുരവസ്ഥകളനുഭവിച്ച് ആത്മാഭിമാനം കൈവെടിഞ്ഞു് ഉപജീവിക്കുന്ന ഒരു ക്ഷുരക പരമ്പര അവിടെ സ്ഥിതിചെയ്യുന്നില്ല.

അപ്രകാരം തന്നെ, രണ്ടാമതായി, വസ്ത്രധാരണവും എത്രയും ഉൽകൃഷ്ടാശയ പ്രദ്യോതിതമായിരിക്കുന്നു. ആബാലവൃദ്ധം ജനം ഉടുക്കുന്നതിനു ഒരു മുണ്ടും, കൂടാതെ, ഒരു മേൽ മുണ്ടും മാത്രം ഉപയോഗിക്കുന്നു. സാധാരണയായി, കാഷായം, മഞ്ഞ, തവിട്ടു നിറം ഈ മൂന്നിൽ ഏതെങ്കിലും നിറം ചേർന്നതു് ഇഷ്ടംപോലെ മാറി മാറി ധരിക്കുന്നു. നിത്യവും രാവിലെ എല്ലാവരും വസ്ത്രവും നനച്ച് കുളിക്കുന്നു.

ആകയാൽ "അലക്കകാരൻ" എന്നൊരു പ്രത്യേക വിഭാഗത്തിന്റെ ദാസ്യം ആവശ്യമേയില്ല. ഒരു വസ്ത്രത്തിനു് ഹാനിവന്നാൽ മാത്രമേ വേറൊരു പുതിയ വസ്ത്രം ആർജ്ജിക്കുന്നുള്ളൂ. ആരും കൂടുതൽ കരുതിവെച്ചേക്കുന്നില്ല. പഞ്ഞികൊണ്ടുള്ളതോ, വിവിധ നാരുവർഗ്ഗങ്ങൾ കൊണ്ടുള്ള പട്ടോ ഉടുക്കുകയുള്ളൂ. പുഴുക്കളുടെ നൂലോ, ജന്തുക്കളുടെ രോമമോ കൊണ്ടുള്ള യാതൊന്നും ധരിക്കുകയില്ല. കരകളോ വിചിത്ര വേലകളോ കൂടാതെ എത്രയും ലളിതമായിരിക്കും. 'വെട്ടുക', 'തയ്ക്കുക' എന്നീ രണ്ടു പ്രയോഗങ്ങൾ കൊണ്ടും യാതൊരു വസ്ത്ര വിശേഷങ്ങളും നിർമ്മിക്കുന്നില്ല. വിശിഷ്യ, വൽക്കലം, കൗപീനം ഇവ രണ്ടും ഉത്തമ മാതൃകകളായിരിക്കുന്നു.

ആഹാരം ശുദ്ധം, തുലോം പ്രകൃതിയോജ്യം, ആയുരാരോഗ്യ ബുദ്ധ്യാദികൾക്കു് ഏററവും അഭിവൃദ്ധികരം—ധാന്യങ്ങൾ, ഫലമൂലങ്ങൾ, പച്ചിലകൾ, ഇളനീർ, വെള്ളം ഇവയാണു്. പാൽ കുടിക്കുന്നു; കാച്ചി രൂപാന്തരപ്പെടുത്തുന്നില്ല. മറെറാരു പാനീയവും ഉണ്ടാക്കുന്നില്ല, കുടിക്കുന്നില്ല. മുട്ടയാകട്ടെ പട്ടി, പൂച്ച തുടങ്ങിയ ജന്തുക്കൾക്കുള്ള തീററിസാധനമാണു്. യാതൊരുത്തരും ഭക്ഷണാർത്ഥമോ, വിനോദാർത്ഥമോ ആയി മീൻപിടിക്കയോ, മററു ജന്തുക്കളെ നായാട്ടുകയോ ചെയ്യുന്നില്ല. 'പാചകം' എന്നൊരു പ്രവൃത്തി ഉണ്ടെന്നു പറഞ്ഞാൽ സാധുവാകുന്നതല്ല. പാത്രങ്ങളിൽ, മിക്ക

വാറും, പചിക്കയോ, സംഗ്രഹിച്ചു വെയ്ക്കയോ ചെയ്യുന്നില്ല. കൃത്രിമമായ ചോറും, ചപ്പാത്തിയും, കറികളും, റൊട്ടിയും, കേക്കും, പുഡിംഗും, റോസ്റ്റുകളും അല്ല ഭക്ഷ്യക്രമം. ധാന്യം പൊടിച്ചു മാവാക്കുന്നില്ല; ആകയാൽ പലഹാരങ്ങൾ യാതൊന്നും ഉണ്ടാകയില്ലല്ലോ. കൂടിപ്പോയാൽ, ധാന്യങ്ങളെ അവലോ, മലരോ ആക്കുന്നു. കിഴങ്ങുകൾ, മിക്കവാറും, പച്ചയായോ, അല്ലെങ്കിൽ ചുട്ടോ തിന്നുന്നു. പഴങ്ങളാണ് ഇവയെല്ലാം കൂട്ടാൻ. കരിമ്പ് ചവച്ച് നീർ കുടിക്കുന്നതല്ലാതെ, ആട്ടി, കാച്ചി ശർക്കരയോ, കല്ക്കണ്ടമോ ഒന്നും ഉണ്ടാക്കുന്നില്ല.

സമയനിശ്ചയം പ്രമാണിച്ച് ഇത്ര പ്രാവശ്യം എന്ന് ഒരു ചടങ്ങാക്കിയല്ല, ആവശ്യാനുസാരമാണ് ഭോജനം കഴിയുന്നത്. മാതാവ് കുഞ്ഞുങ്ങളുടെ വിശപ്പ് അന്വേഷിക്കുകയും, കാമുകികൾ കാമുകന്മാരെ അവസരോചിതം സംഭുക്തരാക്കുകയും, ശിഷ്യർ നിരന്തരം ഗുരുജനങ്ങളെ പോററുകയും ചെയ്യുന്ന ലീലാരസം ആനന്ദനീയമത്രേ. പൈദാഹാർത്തി തീർക്കുന്നതിൽ അന്തർവാസി, അതിഥി എന്നൊരു വ്യതിരേകചിന്ത ഉണ്ടാകുന്നില്ല. ബഹുദൂരം സഞ്ചരിച്ച് ആഹരിച്ച് മടങ്ങുന്ന പക്ഷിവൃന്ദങ്ങളെപ്പോലെ അഹർവൃത്തി നിയന്ത്രിച്ചുപോരുന്നു. അസ്തമിച്ചതിനുശേഷം ആരും ഒന്നും ആഹരിക്കാറില്ല. ആരും അമിതഭോജനം കൊണ്ടുള്ള അസ്വാസ്ഥ്യം കൂടാതെ, അനായാ

സേന ഗാഢനിദ്ര അനുഭവിച്ച് ഉന്മേഷപൂർണ്ണരായ് ഉണർന്നെഴുന്നേററ് ദിനവൃത്തി തുടരുന്നു.

ആഹാരക്രമമെന്നപോലെ, നീഹാരകൃത്യങ്ങളും എത്രയും പ്രകൃത്യനുയോജ്യമായ് നിവൃത്തിക്കപ്പെടുന്നു. കോഴി, പട്ടി, പന്നി, മുതലായ ജന്തുക്കൾ തോട്ടികളുടെ സ്ഥാനം വഹിക്കുന്നു. മനുഷ്യജീവികളെ യാതൊരുവിധേനയും ദൂഷിപ്പിച്ച്, കാലാന്തരത്തിൽ അവരുടെ വ്യക്തിത്വത്തിന് ഹാനി വരുത്തുന്നത് എത്രയും വലിയ അധർമ്മമായ് ബോധപ്പെട്ടിരിക്കുന്നു.

ശുശ്രൂഷ അത്യന്താപേക്ഷിതമായ വിധത്തിൽ 'രോഗ'ങ്ങൾ എന്നു പറയത്തക്കവയായ വ്യാധികളൊന്നും അവിടെ സംഭവിക്കാറില്ല. സ്വയം ഭേദമാകാവുന്ന ലഘുവായ അസ്വാസ്ഥ്യങ്ങൾ ഉണ്ടാകാമെന്നതേയുള്ളൂ. ചികിത്സകൊണ്ടു് ഉപജീവിക്കുന്ന ഭിഷഗ്വരരുടെയോ, അജ്ഞനിശാചരരായി കാലയാപനം ചെയ്യുന്ന മന്ത്രവാദികളുടെയോ ദുർബാധ ആ വിശുദ്ധാന്തരിക്ഷത്തെ മലിനമാക്കുന്നില്ല. വൈരാഗ്യസത്തമരായുള്ളവർ ജീവിതാന്ത്യഘട്ടത്തിൽ 'സമയനം'— അതായതു്, സഞ്ചാരം തുടങ്ങുക; എന്തെങ്കിലും അവശത ബാധിച്ചാൽ പരക്ലേശം വരാതിരിക്കേണ്ടതിന്നു് വിദൂര വനാന്തരങ്ങളെ ശരണം പ്രാപിച്ച് ഏകാന്തജന്മശിഷ്ടം കഴിച്ചുകൂട്ടി വിലയം പ്രാപിക്കുക—എന്ന ഉഗ്രവ്രതം അനുഷ്ഠിച്ച് വിമുക്തരാകുന്നു.

'സങ്കേതം' എന്നാണ് അവർ തങ്ങളുടെ വാസഗേഹത്തെ വിളിക്കുന്നത്. അതായത്, സൗകര്യതരമായ് ഓരോ സംഘം സ്ത്രീപുരുഷന്മാർ ഒരുമിച്ച് ഒരു ശാലയിൽ പാർക്കുന്നു. വ്യക്തികൾ ഒന്നു രണ്ടു പേർ ചേർന്ന് പ്രത്യേകം ഗൃഹങ്ങൾ പണിതു പരമ്പരയായി താമസിക്കുന്നില്ല. ആത്മാനുഭൂതികൾക്കായി വൈരാഗികളും, ആമോദനാർത്ഥം കാമുകീകാമുകന്മാരും ചില രാപകലുകൾ വിജനസ്ഥലങ്ങളിൽ കഴിച്ചുകൂട്ടാവുന്നതാണ്. എന്നാൽ, നിത്യവും സന്ധ്യോത്സവങ്ങൾക്കു സങ്കേതത്തിൽ സന്ധിക്കാതിരിക്കുന്നതു് സകലക്കും പശ്ചാത്താപകരമായ സംഗതിയായിത്തീർന്നിട്ടുണ്ടു്. വിശുദ്ധ സംഗീതപ്രകടനങ്ങളും പ്രേമനർത്തനങ്ങളും നാടകാഭിനയങ്ങളും അനുദിനാനന്ദചര്യകളാണ്.

സങ്കേതം മനുഷ്യശരീരത്തിന്റെ ധർമ്മസ്വരൂപത്തിൽ സംസ്ഥാപിതമായിരിക്കുന്നു. അതിന്റെ അടിസ്ഥാനം അനുബന്ധിച്ചിട്ടുള്ള ചിത്രത്തിൽ രേഖപ്പെടുത്തിയിരിക്കും പ്രകാരമാണ്. മുഴുവനും മണ്ഡപപ്പണിയിൽ കല്ലുകൊണ്ടു് എന്നേയ്ക്കുമായ് നിർമ്മിക്കപ്പെട്ടിരിക്കുന്നു. തടി, മണ്ണ്, ലോഹം മുതലായവ ഒന്നുമേ ചേർന്നിട്ടില്ല. ജീർണ്ണോദ്ധാരണം ആവശ്യമുണ്ടാകുന്നതല്ല. ചുററും വമ്പിച്ച തൂണുകളാണ്. അരയ്ക്കു കീഴ് അല്പം ആവശ്യമായ ഭാഗങ്ങളിൽ അരഭിത്തി ഉണ്ടെന്നുമാത്രമേയുള്ളൂ. കാററും, വെളിച്ചവും സ്വയം

സഞ്ചരിക്കാവുന്നതാണു്. മുറിപോലുള്ള ഓരോന്നിനും 'ബന്ധം' എന്നും, ശിരസ്സിൻെറ സ്ഥാനത്തുള്ള പൂമുഖത്തിനു് 'രംഗം' എന്നും പറയുന്നു.




അപ്രകാരം, വലത്തേ പാദത്തിൽക്കൂടെ പ്രവേശിക്കാം. ഒന്നാമത്തേതു്, പുരുഷന്മാൎക്കുള്ള സ്നാനബന്ധം—1. അതിന്നെതിരായി, ഇടത്തേ പാദത്തിൽ സ്ത്രീകൾക്കുള്ള സ്നാനബന്ധം—1'; രണ്ടാമത്തു്, ഭണ്ഡാകാരബന്ധം—2: അതിന്നെതിരായി പ്രസവബന്ധം—2'; മൂന്നാമത്തു്,

പുരുഷന്മാക്കുള്ള വിശ്രമബന്ധം—3: എതിരായി സ്ത്രീകൾക്കുള്ള വിശ്രമബന്ധം—3'; നാലാമത്തു്, ഉദരസ്ഥാനത്തു് ഭോജനബന്ധം—4; അഞ്ചാമത്തു് വലത്തേ ബാഹുസ്ഥാനം പുരുഷന്മാക്കുള്ള ശയനബന്ധം—5: ഇടത്തേതു് സ്ത്രീകൾക്കുള്ള ശയനബന്ധം—5'; ഒടുവിലത്തെ, രംഗം എന്നതു് സന്ധ്യാവിനോദപ്രദർശനത്തിന്നായി, എട്ടു കോണോടുകൂടി തീർത്തിട്ടുള്ള അതിവിശാലമായ ഉത്തമാംഗബന്ധവുമാണു്—6.

രംഗത്തിൽ രണ്ടു ഭാഗങ്ങൾ ഉണ്ടു്. നെററിസ്ഥാനത്തിൽ പ്രദർശനപീഠവും, കണ്ണുസ്ഥാനത്തിന്നു കീഴായി വൃത്തപംക്തിയിൽ സദസ്യപീഠങ്ങളും പടിപ്പടിയായി ഉള്ളിലേക്കു് അവരോഹണക്രമത്തിൽ അലംകൃതമായിരിക്കുന്നു.

സങ്കേതം കിഴക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്നു. രംഗം കിഴക്കേ അററത്താണു്. അതിന്നു മേൽത്തട്ടിൽ അനന്താംബരാവലോകനത്തിന്നായു് ഒരു മനോഹര ഗോപുരം ഉണ്ടു്. തൽക്കരാഗ്രസ്ഥിതമായ ഗോവണികളിൽക്കൂടെ അവിടെ കയറിനിന്നുകൊണ്ടു് ഉദയാസ്തമനങ്ങൾ പ്രതിബന്ധമെന്യേ ദർശിക്കാവുന്നതാണു്.

സങ്കേതത്തിന്നു പുറമേ ആല, നെയ്ത്തുശാല, കൃഷിയായുധശാല, അറ, ദീനശാല, ഗോശാല, അജശാല, പക്ഷിനിലയം, ഗവേഷണാലയം മുതലായ

വയും; ചുററും വിസ്തൃതമായിക്കിടക്കുന്ന തോട്ടങ്ങൾക്കുള്ളിൽ അങ്ങിങ്ങായി വിശ്രമത്തിനും മുതലുമായുള്ള മണ്ഡപങ്ങളും കാണാം.

നിരന്തരം അററകുററം തീക്കുകയും, പുതുക്കുകയും ചെയ്യേണ്ടതായ കൃത്രിമ പാതകൾ അവിടെ കാണ്മാനില്ല. ചോലമരങ്ങളാൽ സുഖ ശീതളവും, പടപ്പു് പുല്ലു് പററി മൃദുവുമായ മനോഹര പഥങ്ങളിൽ കൂടെയാണു് മനുഷ്യരും, ജന്തുക്കളും സഞ്ചരിക്കുന്നതു്.

യന്ത്രങ്ങൾ വെറും കലാപരീക്ഷണ നിമ്മാണങ്ങളായിരിക്കുന്നു. വെള്ളത്തിൽക്കൂടെ പോകുന്ന കപ്പലുകളും, തറയിൽക്കൂടെ ഓടുന്ന ചവിട്ടു വണ്ടികളും, ആകാശവിമാനങ്ങളും സാധാരണ വാഹനങ്ങളായി ഉപയോഗിച്ചു വരുന്നു. കാള, പോത്തു്, കഴുത, കുതിര, ഒട്ടകം, ആന എന്നീ ജന്തുക്കളെ സാധനങ്ങൾ സ്ഥലംമാററം ചെയ്യുന്ന കൃത്യത്തിലും, സഞ്ചാരത്തിലും മനുഷ്യർ ലഘു സഹായികളായി അംഗീകരിച്ചിട്ടുണ്ടു്. ആ മൃഗങ്ങളെ വാഹനങ്ങളിൽ പൂട്ടി ക്ലേശിപ്പിക്കുന്നതേയില്ല.

മാർഗ്ഗങ്ങളിലും, സങ്കേതത്തിലും ആവശ്യമുള്ളിടത്തെല്ലാം ശിലാ ദീപസ്തംഭാവലി ധാരാളം സ്ഥാപിച്ചിട്ടുണ്ടു്. കുരുക്കൾ ആട്ടി എണ്ണയെടുത്തു് സന്ധ്യാദീപം കത്തിക്കുന്നു.

സങ്കേതത്തിന്നു് വേണ്ടതായ സകല ദേഹാധ്വാനങ്ങളും നിവ്വഹിക്കുന്നതു് യുവാക്കന്മാരുടെ കൃത്യമാണു്.

കൃഷി, നെയ്ത്ത്, കൊല്ലവേല, കൽപ്പണി സംബന്ധമായ് എല്ലാം എല്ലാവരും വിദശ്ധമായ രീതിയിൽ നിത്യകർമ്മാനുഷ്ഠാനമാക്കിട്ടുണ്ട്; ഉന്മേഷപൂർവം സഹകരിച്ച് നിറവേററുകയും ചെയ്യുന്നു. ഒരു സങ്കേതത്തിലെ ജനം ഏകയോഗക്ഷേമ തല്പരരായ ഒരു സംഘമായിരിക്കുന്നു. തൊഴിൽ കൊണ്ടു് ആക്കും വർഗ്ഗനാമം കല്പിക്കാനിടയില്ല. യാതൊരു കൃത്യവും സ്വകർത്തവ്യ ബോധത്തിൽ നിറവേററുന്നതല്ലാതെ, 'മുൻക്രമം', 'പിൻക്രമം' എന്നൊരു അനുകരണവാദം ഇല്ല. യാതൊരു ധർമ്മവും ആചാരത്തെയോ, ചടങ്ങിനെയോ സൃഷ്ടിക്കുന്നില്ല. ആകയാൽ ജീവിത ചര്യകളിൽ ഒന്നുംതന്നെ ആഘോഷമായോ, അർത്ഥശൂന്യമായ 'കർമ്മ' മാമൂലുകളായോ പരിണമിച്ചിട്ടില്ല. നിർജ്ജീവമായി എഴുതിക്കൂട്ടിവെച്ചിട്ടുള്ള യാതൊരു മുറകളും, ചട്ടങ്ങളും ഇല്ല. നിത്യാവശ്യവൃത്തികൾ ശുഭമായ് സ്വയം തുടൻനുപോകുന്നു.

സ്ത്രീകൾക്കു് വിശേഷാൽ ഒരു പ്രവൃത്തിയും ഇല്ലെന്നുവേണം പറവാൻ. സങ്കേതവും, പരിസരങ്ങളും വെടിപ്പാക്കിയിടുക, അലങ്കരിക്കുക, പുഷ്പവാടികളെ ശുശ്രൂഷിക്കുക, നൂൽ നൂത്തുകൊടുത്ത് നെയ്യുന്നവരെ സഹായിക്കുക മുതലായ ലഘുശ്രമങ്ങളിൽ മാത്രമേ അവർ യഥേഷ്ടം ഏർപ്പെടേണ്ടതുള്ളു. സ്ത്രീകൾ 'ജീവിത ലീല'യിൽ പങ്കുപററുകയെന്നല്ലാതെ, കൃത്രിമ ബോധങ്ങളാൽ ഒരു 'ജീവിതമത്സരം' സൃഷ്ടിക്കുക

യോ, പോററുകയോ ചെയ്യുന്നില്ല. അവക്ക് യാതൊരു് ആവശ്യവും അതിന്നായ് നേരിടാനില്ല. സ്വനിയതി ധമ്മം സന്നിയമാനുസൃതമാംവണ്ണം പരിപാലിച്ച് അവർ ചരിതാർത്ഥരായ് മരുവുന്നു. ചുററുമുള്ള സങ്കേത ഭൂ സ്വത്തെന്നപോലെ തന്നെ ആബാലവൃദ്ധം സ്ത്രീ പുരുഷന്മാർ സമുദായത്തിന്റെ പൊതു സമ്പത്താണു്.

സ്ത്രീ പുരുഷ സമ്പക്കം നീഹാര സദൃശമായല്ലാതെ, മഹോത്സവ സംഗതിയായി ഗണിക്കുന്നതേയില്ല. ഉത്തമാംഗ സംബന്ധമായ ഗുരു ശിഷ്യ ബന്ധമല്ലാതെ, അധമാംഗ സംബന്ധമായ രക്ത ശുക്ല ബന്ധങ്ങൾ ആദരണീയവും, സ്മരണീയവുമായിത്തീരുന്നില്ല. എന്നാൽ പ്രണയ ലാവണ്യ വിലാസങ്ങൾ സവ് മനോമോഹനങ്ങൾ തന്നെ. വിശ്രാന്തിക്കായ് പ്രകൃതി ദത്തമായുള്ള രാത്രികളെ അശ്രാന്ത വിഷയ വിഷപരിപൂരിതമാക്കാതെ, ഉദയത്തിനു മുമ്പായുള്ള യാമത്തിൽ ബാഹ്യാന്തര ശൗചാനന്തരം മാത്രം സന്താനലാഭ മോഹം അനുവത്തിക്കുന്നു. പൗരുഷയുക്തരായ വീര പരമ്പര സംജാതമാകുന്നു.

സങ്കേതത്തിന്റെ ആവശ്യത്തിൽ കവിഞ്ഞ വിളവുകളിൽ നിന്നുള്ള ഫലങ്ങൾ ഇതര സങ്കേതങ്ങൾക്കായി സ്വമേധയാ സംഭാവന ചെയ്യുകയാണു് നടപ്പ്. അങ്ങിനെ സമസ്യഷ്ടസ്നേഹ പ്രവാഹത്തിൽ ഉദാര പരസ്പര പോഷണം രക്ത സഞ്ചാരം പോലെ ആ ഭൂമണ്ഡ

ലം മുഴുവൻ നടന്നുകൊണ്ടിരിക്കുന്നു. 'ക്രയ വിക്രയം', 'പകരം' എന്നീ രണ്ടു് പദങ്ങളും തൽസ്ഥാനത്തിൽ അർത്ഥശൂന്യമായു് ഭവിക്കുന്നു. 'ദാനം' എന്ന അത്ഭുത ക്രിയ ഒന്നിനാൽ ആ മഹാ ഗോളം മംഗല പൂർണ്ണമായു് പരിഭ്രമണം ചെയ്യുന്നു. വിവേക വിരുദ്ധമായ വ്യവഹാരമേ അവിടെ കേൾക്കാനില്ല. ധന തത്വവാദം, സഭകൾ, ബഹളം, നേതൃത്വം, ഗൂഢാലോചന, മത്സരം, ആയോധനം, നിരായുധീകരണം, സാമ്പത്തികാധഃപതനം, പദാർത്ഥവിനാശനം, ആക്രമണം, നിരോധനം, കോഴ, സന്ധി, വിജയ ഘോഷം, ഇവയ്ക്കു് അതീതമായിട്ടത്രേ സങ്കേത സംഘടന സംഭൃതമായിട്ടുള്ളതു്.

ബാലികാ ബാലന്മാരെ സംസാരിക്കാറാകുന്ന പ്രായത്തിൽ ഒന്നാമതായി സംഗീതത്തിലും, ചിത്രമെഴുത്തിലുമാണു് വിദ്യാരംഭം ചെയ്യിക്കുന്നതു്. ആദ്യം സപ്തസ്വരം ചൊല്ലുകയും, സുപരിചിതമായ ചില സാധനങ്ങൾ മണ്ണിൽ രൂപപ്പെടുത്തുകയും ചെയ്യിക്കുന്നു. അനന്തരം, അക്ഷരമാല തുടങ്ങി, എഴുത്തും വായനയും, അക്കങ്ങൾ തുടങ്ങി, എൺചുവടിയും പഠിപ്പിക്കുന്നു.

ഇങ്ങിനെ, ക്രമത്തിൽ ഭാഷ, അങ്കഗണനം എന്നീ ഇരട്ട മാർഗ്ഗത്തിൽ കൂടെ സകല ശുദ്ധ കലകളും, ശാസ്ത്രങ്ങളും അഭ്യസിച്ചു്, പൂർണ്ണ വ്യുല്പത്തി സമ്പാദിക്കുന്നു. ഓലയും നാരായവുമാണു് വിദ്യാഭ്യസനത്തിനുള്ള രണ്ടു് ഉപകരണങ്ങൾ. ഉത്തമ കൃതികൾ രചിക്കുന്നതിനുള്ള

ആത്മാവേശം ലഭിക്കുന്ന ഉത്തുംഗാശയരേ ഔല്പത്യം, ആരാ യവും കൈയ്യിലെടുക്കാറുള്ളു.

പ്രത്യേക വാസനകളോടുകൂടിയ പ്രതിഭാ ശാലി കൾ വിദഗ്ദ്ധ ഗുരുജനങ്ങളോടു കൂടെ ഗവേഷണദ്വാരാ അഭിവൃദ്ധി നേടുന്നു. അദ്ധ്യാപകരുടെ അന്ധാനുവ ർത്തനവും, വിദ്യാർത്ഥികളുടെ ആത്മക്ലേശങ്ങളും അജ്ഞാ താനുഭവങ്ങളാണ്. സകലരും യഥേഷ്ടം വാസനോ ചിതം വിദ്യാഭ്യാസനം നടത്തി ഉദ്ദിഷ്ടമായ പൂർണ്ണ വ്യുല്പ ത്തിയും, സംസ്കരണവും സമ്പാദിച്ചു മാത്രമേ കൃതാർത്ഥ രാകുന്നുള്ളൂ. ഗുരു ശിഷ്യ സ്വരൂപങ്ങൾ രണ്ടുമാണ് ആ ലോകത്തിലെ മഹാ ശക്തികൾ.

കടലാമക്കുഞ്ഞുങ്ങൾ വിരിഞ്ഞു്, മണലിന്നടി യിൽ നിന്നു് മുകൾ നിരപ്പിൽ വരുന്ന ഉടൻ കടലി ലേക്കു് തന്നെ സോല്ലാസം തിരിഞ്ഞു് ഗതികൊള്ളുന്ന നിയതിപ്രകർഷം പോലെ, ഭൂസ്പർശം ഏററ നിമിഷ ത്തിൽ മനുഷ്യക്കു് പരാശക്തിബോധം ഉളവാകയും, അതിനെ ആരാധിച്ചു തുടങ്ങുകയും ചെയ്യയുണ്ടായല്ലോ. ചിന്താശക്തിയുടെ അനന്തര വളർച്ചയോടുകൂടെ അതി നെ പ്രത്യക്ഷീകരിക്കണമെന്നുള്ള തീക്ഷ്ണാസക്തി യിൽ പ്രാപ്തിഭേദംപോലെ, ഓരോരുത്തർ നാസ്തികരും, സന്ദേഹവാദികളും, ആസ്തികരുമായിത്തീരുകയും, അവ രവർ ദർശിക്കുന്ന ഗുരുത്വം അനുസരിച്ചു് ഓരോ സം ജ്ഞകൊണ്ടു് ആ പരംപൊരുളിന്റെ അഭിസംബോധന

ചെയ്കയെന്നതു് ഒരു് രശ്മിക്കുള്ള ഭിന്ന നിറങ്ങൾപോലെയും വന്നുകൂടി.

മനുഷ്യർക്കു നിവസിക്കുവാൻ സങ്കേതങ്ങൾ നിർമ്മിക്കുകയല്ലാതെ, അന്തര്യാമിയായ ജഗൽക്കാരണന്നു് അഭയം പ്രാപിക്കുവാൻ ക്ഷേത്ര വിഗ്രഹാദികൾ മനുഷ്യർ സൃഷ്ടിക്കുന്നില്ല. പരമാനുഭൂതി അത്യർത്ഥിക്കുന്ന ശിഷ്യർക്കു് ഉത്തമ മാർഗ്ഗദർശികളായി സിദ്ധ ഗുരുവരർ അഷ്ടാംഗ യോഗ സാധനയിൽ സഹായിക്കുന്നുണ്ടു്. അപ്രകാരം, 'ആരാധന' അന്തർദ്ധാനം ചെയ്കയും, ആന്തരധ്യാനം അഭിവൃദ്ധിപ്പെട്ടു് മർത്ത്യ സമുദായം നിത്യ ബോധോദയത്തിൽ ആത്മാനന്ദം അനുഭവിക്കുകയും ചെയ്യുന്നതു തന്നെയാകുന്നു.

## ദൈവ യോഗം !

CHETTIAR PRESS, TVM.

# ദൈവലോകം

2591
K 138

K138

ത്തം